
# EECP ചികിത്സ


## (Enhanced External Counter Pulsation)



# Non-Invasive Treatment for Ischemic Heart Disease & Heart failure

EECP

"NATURAL BY-PASS" THERAPY



# ഹൃദ്രോഗ ചികിത്സാരംഗത്തെ ഫലപ്രദവും നൂതനവുമായ ചികിത്സാരീതി

**ഹൃ**ദയ ധമനികളിൽ കൊഴുപ്പ് അടിഞ്ഞ് തടസ്സം സംഭവിക്കുക, ഹൃദയ പ്രവർത്തനത്തിന്റെ താളം തെറ്റുക എന്നിവ മൂലമാണ് ഹൃദ്രോഗ ലക്ഷണങ്ങൾ അനുഭവപ്പെടുന്നത്. വർദ്ധിച്ചു വരുന്ന നെഞ്ചിടിപ്പ്, നെഞ്ചുവേദന, നെഞ്ചെരിച്ചിൽ, കിതപ്പ്, ശ്വാസംമുട്ടൽ, ഇടവിട്ടുള്ള ചുമ, കഴുത്ത്, താടി, കൈകൾ, പുറം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന വേദന, നടക്കുമ്പോൾ ആയാസം, കയറ്റം കയറാൻ ബുദ്ധിമുട്ട് ഇവയൊക്കെയാണ് ഹൃദ്രോഗത്തിന്റെ സൂചനകൾ.

## ഇ.ഇ.സി.പി. ചികിത്സ എപ്രകാരമാണ്?

ആൻജിയോ പ്ലാസ്റ്റിയോ ബൈബാസ് സർജറിയോ കൂടാതെ ഹൃദയധമനികളിലെ രക്തപ്രവാഹം വർദ്ധിപ്പിച്ച്, ഹൃദയത്തെ ഊർജ്ജസ്വലമാക്കുക എന്നതാണ് ഈ ചികിത്സയിൽ ചെയ്യുന്നത്. ശരീരത്തിന് പുറത്ത് ഘടിപ്പിക്കുന്ന കഫുകൾ ഉപയോഗിച്ച് ഹൃദയത്തിലേക്കുള്ള രക്തപ്രവാഹം സുഗമമാക്കുക എന്നതാണ് ഇതിന്റെ രീതി. ഹൃദയത്തിന്റെ പ്രവർത്തനം ഇ.സി.ജി. ഉപയോഗിച്ച് നിരീക്ഷിച്ചുകൊണ്ടാണ് ഇതു ചെയ്യുന്നത്. അതിനാൽ അപകടസാദ്ധ്യതയോ ദോഷഫലങ്ങളോ ഈ ചികിത്സയ്ക്കില്ല. രോഗികളെ പ്രത്യേകതരം കിടക്കയിൽ കിടത്തി, കമ്പ്യൂട്ടർ നിയന്ത്രിത കഫുകൾ (രക്തസമ്മർദ്ദം അളക്കാൻ കൈയ്യിൽ കെട്ടുന്ന കഫുകൾ പോലെയുള്ളവ) അരെക്കട്ട്, തുട, കാൽ എന്നിവിടങ്ങളിൽ കെട്ടിവെക്കുന്നു. ഹൃദയമിടിപ്പിന്റെ ഇടവേളകളിൽ കഫുകൾ ശക്തിയായ സമ്മർദ്ദം ചെലുത്തുന്നതോടെ, അരയ്ക്കു താഴെയുള്ള ശരീരഭാഗത്തെ രക്തം ഹൃദയത്തിലേക്കു പ്രവഹിക്കുന്നു. സജീവമല്ലാത്ത നേരിയ രക്തക്കുഴലുകളെ വീണ്ടും സജീവമാക്കി, തളർച്ച പ്രാപിച്ച ഹൃദയപേശികൾക്ക് ഉണർവേകുന്നു.

## ഇ.ഇ.സി.പി. ചികിത്സയുടെ മേന്മകൾ എന്തൊക്കെയാണ്?

പാർശ്വഫലങ്ങൾ ഒന്നും ഉണ്ടാക്കുന്നില്ല. പ്രായപരിധി കൂടാതെ ഏതൊരാൾക്കും ഈ ചികിത്സ സ്വീകരിക്കാം. ആശുപത്രിയിൽ അഡ്മിറ്റാകേണ്ടതില്ല. രോഗിയുടെ സൗകര്യാനുസരണം സമയം ക്രമീകരിക്കാൻ കഴിയുന്നതിനാൽ പ്രതിദിന ജോലികളിൽ കാര്യമായ മാറ്റം ആവശ്യമില്ല. നിലവിൽ ഉപയോഗിച്ചു വരുന്ന മരുന്നുകൾ തുടരുന്നതിൽ തടസ്സമില്ല. കാലുകളിലെ മസിലുകൾക്ക് നല്ലൊരു മസാജിന്റെ പ്രതീതി ലഭിക്കുന്നു. നെഞ്ചിനോ ഹൃദയത്തിനോ അസ്വാഭാവികമായ യാതൊന്നും അനുഭവപ്പെടുന്നില്ല.

● കൊളാറ്ററൽ ധമനികളെ വളർത്തി ഹൃദയപേശികളിലെ രക്തപ്രവാഹം വർദ്ധിപ്പിക്കുന്നു. ● ആൻജൈന അകറ്റുന്നു. ● ഹൃദായാഘാത സാദ്ധ്യത കുറയ്ക്കുന്നു. ● റേഡിയേഷനില്ല, പാർശ്വഫലങ്ങളുമില്ല.




**ചികിത്സ സ്വീകരിക്കുന്നതിലൂടെ രോഗിക്കുണ്ടാവുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?**

- 15 - 20 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾക്ക് ശമനം ലഭിക്കുന്നത് ബോദ്ധ്യമാവുന്നു.
- നെഞ്ചുവേദനയില്ലാതെ കൂടുതൽ ദൂരം നടക്കാൻ കഴിയുന്നു.
- ഹൃദ്രോഗത്തിന് ഉപയോഗിച്ചു വരുന്ന ഔഷധങ്ങൾ കുറയ്ക്കാൻ കഴിയുന്നു.
- സ്വന്തം ജോലികളിൽ തിരിച്ചെത്താനും സാധാരണ ജീവിതം നയിക്കാനും കഴിയുന്നു.
- രോഗവിമുക്തി നേടി കൂടുതൽ ഊർജ്ജസ്വലത കൈവരുന്നു.

**ചികിത്സയുടെ ദൈർഘ്യം എന്താണ്? സാധാരണയായി ചികിത്സയിൽ മുടക്കം വരുത്തിയാൽ എന്തുചെയ്യും?**

ഒരു മണിക്കൂർ വീതം മുടക്കം കൂടാതെ 6 ആഴ്ചത്തെ ട്രീറ്റ്മെന്റ് അടങ്ങിയ കോഴ്സ് പൂർത്തിയാക്കുന്നതാണ് മികച്ച ഗുണഫലം ലഭ്യമാക്കുന്നത്. എന്നിരുന്നാലും മുടക്കം വരുന്ന ദിവസങ്ങൾ ക്രമീകരിക്കാൻ ഡോക്ടർക്ക് കഴിയും. 35 ചികിത്സാ ദിനങ്ങളും പൂർത്തിയാക്കുക എന്നത് പ്രധാനമാണ്.

**കോഴ്സ് പൂർത്തിയാക്കിയ ചികിത്സയുടെ ഗുണഫലങ്ങൾ എത്രത്തോളമാണ്?**

ആദ്യകോഴ്സിന്റെ (35 മണിക്കൂർ) ഫലപ്രാപ്തി 5 മുതൽ 6 വർഷം വരെ ലഭിക്കുന്നു.

- ഹൃദ്രോഗത്തിന്റെ ബുദ്ധിമുട്ടുകൾ അകലുന്നു.
- പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുന്നു.

### ഇ.ഇ.സി.പി. ചികിത്സ ആർക്കെങ്കിലും വിലക്കിയിട്ടുണ്ടോ?

ഹൃദയവാൽവുകൾക്ക് തകരാറുള്ളവർ, ജന്മനാലുള്ള ഹൃദ്രോഗമുള്ളവർ, താളം തെറ്റിയ ഹൃദയമിടിപ്പുള്ളവർ, ഹീമോഫീലിയ ഉള്ളവർ എന്നിവരെ ഈ ചികിത്സക്കായി പരിഗണിക്കാറില്ല.

### കോഴ്സ് പൂർത്തിയാക്കിയവർ തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെങ്കിലുമുണ്ടോ?

വ്യായാമങ്ങൾ പതിവായി ചെയ്യുക, വണ്ണം വർദ്ധിക്കാതെ സൂക്ഷിക്കുക, പുകവലി ഒഴിവാക്കുക. കൊളസ്ട്രോൾ, ബ്ലഡ് പ്രഷർ, പ്രമേഹം എന്നിവ നിയന്ത്രണത്തിലാണെന്ന് ഇടയ്ക്കിടെ പരിശോധിച്ച് ഉറപ്പു വരുത്തുകയും വേണം.

### ഇ.ഇ.സി.പി. ചികിത്സയുടെ ഗുണഫലങ്ങൾ എന്തൊക്കെയാണ്?

ഹൃദയാഘാതം സംഭവിച്ച്, ഹൃദയത്തിന്റെ പ്രവർത്തനശേഷി കുറഞ്ഞവരെ ആൻജിയോപ്ലാസ്റ്റിക്കോ ബൈപാസ് സർജറിക്കോ വിധേയമാക്കാൻ മിക്കവാറും സാധിക്കാറില്ല. ഇത്തരക്കാരെ ഇ.ഇ.സി.പി.ക്ക് വിധേയരാക്കി, ഹൃദയത്തിന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്താൻ കഴിയും.

പ്രായം കൂടിയവരിൽ ബൈപാസ് ശസ്ത്രക്രിയ നടത്താൻ മിക്ക ഡോക്ടർമാരും തയ്യാറാവുകയില്ല. ഇത്തരക്കാർക്ക് ഇ.ഇ.സി.പി.യാണ് ഏറ്റവും ഫലപ്രദം.

ബൈപാസ് ശസ്ത്രക്രിയയും ബലൂൺ ആൻജിയോ പ്ലാസ്റ്റിയും കഴിഞ്ഞതിന് ശേഷവും നെഞ്ചുവേദന, കിതപ്പ് തുടങ്ങിയ രോഗലക്ഷണങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന രോഗികളുണ്ട്. ഇത്തരക്കാർക്കും ഇ.ഇ.സി.പി.യിലൂടെ രോഗവിമുക്തി നേടാം.

പേസ് മേക്കർ ഘടിപ്പിച്ചിട്ടുള്ളവർക്കും ആൻജിയോപ്ലാസ്റ്റി, ബൈപാസ് എന്നിവയോട് ഭയമുള്ള രോഗികൾക്കും ഇ.ഇ.സി.പി. ഒരു വരദാനമാണ്.

### ഇ.ഇ.സി.പി. ചികിത്സയ്ക്ക് ഇന്ത്യയിൽ എത്രത്തോളം പ്രചാരമുണ്ട്?

ഇന്ത്യയിലെ നിരവധി പ്രമുഖ ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങളിൽ ഇ.ഇ.സി.പി. ചികിത്സ നൽകി വരുന്നു. 260ലധികം ഇ.ഇ.സി.പി. സെന്ററുകൾ ഇന്ത്യയിലിപ്പോൾ നിലവിലുണ്ട്.

**EECP : USA FDA approved**

---

*വിശദവിവരങ്ങൾക്കും ബുക്കിംഗിനും :*


## EECP Clinic - Dept. of Cardiology
## Indira Gandhi Co-operative Hospital

**Kadavanthra, Kochi - 682 020**
**Ph : 0484-2204110**

**Ph: 9446127649. 9847717878**


Alwaye Press, Aluva 0484-2623318